# വിരോധത്തിൻെറ ഉള്ളറകൾ

PART 2

മുജാഹിദു പ്രസ്ഥാനത്തെ പിളർത്താൻ ശ്രമിച്ചവർ നിഷ്കളങ്കരായ പണ്ഡിതൻമാരെ വരുതിയിൽ വരുത്താൻ കിണഞ്ഞു ശ്രമിച്ചിരുന്നു. ഭൗതിക സൗകര്യങ്ങൾ വാഗ്ദാനം ചെയ്തും കൂടെ നിന്നാൽ ലഭിക്കാൻ പോകുന്ന ആനുകൂല്യങ്ങളെ കാട്ടി പ്രലോഭിപ്പിച്ചും പലരെയും സമീപിച്ചു. പരലോകം പ്രസംഗിക്കാൻ വിഷയമായി കാണുന്നവർ ഈ ചതിക്കുഴിയിൽ വീണിട്ടുണ്ട്.

എപി വിഭാഗത്തിലെ സകരിയ്യാക്കുടെ തലവനായ അബ്ദുർറഹ്മാൻ സലഫിയും എപി മൗലവിയുടെ കൂടെ നിൽക്കാൻ സാധ്യയുള്ള സകരിയ്യ വിരുദ്ധ സമിതിയുടെ നേതാക്ക ളിലൊരാളായ അബ്ദുർഹ്മാൻ ഇരിവേററിയുമാണ് സലാം സുല്ലമിയെ കൂടെ നിർത്താൻ ശ്രമിച്ചത്.

എ പി വിഭാഗം മുജാഹിദുകൾ പുറത്തിറക്കുന്ന ഭിന്നിപ്പു വാരികയും അതിൻെറ ഉപോൽപന്നങ്ങളായ മററു പ്രസിദ്ധീകരണങ്ങളിലും സലാം സുല്ലമി വിമർശനം നിറഞ്ഞു നിൽക്കുന്നതു കാണാം. ഇവരുടെ ആലുവാ പ്രഭാഷകരടക്കം മൈക്കു കിട്ടിയാൽ ഗീർവാണ പ്രഭാഷണം നടത്തുന്ന മിക്ക മൗലവിമാരും രണ്ടക്ഷരം സലാം സുല്ലമിയെ ഭത്സിച്ചില്ലെങ്കിൽ ഇപ്പോൾ ഉറക്കം വരാത്ത അവസ്ഥയിലാണ്. എന്നു തുടങ്ങിയതാണു ഈ വിഭാഗത്തിനു ഈ വിരോധമെന്നു നോക്കാം.

ഉൽഭവം:-മുജാഹിദു പ്രസ്ഥാനത്തെ പിളർത്താൻ ശ്രമിച്ചവർ നിഷ്കളങ്കരായ പണ്ഡിതൻമാരെ വരുതിയിൽ വരുത്താൻ കിണഞ്ഞു ശ്രമിച്ചിരുന്നു. ഭൗതിക സൗകര്യങ്ങൾ വാഗ്ദാനം ചെയ്തും കൂടെ നിന്നാൽ ലഭിക്കാൻ പോകുന്ന ആനുകൂല്യങ്ങളെ കാട്ടി പ്രലോഭിപ്പിച്ചും പലരെയും സമീപിച്ചു. പരലോകം പ്രസംഗിക്കാൻ വിഷയമായി കാണുന്നവർ ഈ ചതിക്കുഴിയിൽ വീണിട്ടുണ്ട്.

എപി വിഭാഗത്തിലെ സകരിയ്യാക്കുടെ തലവനായ അബ്ദുർറഹ്മാൻ സലഫിയും എപി മൗലവിയുടെ കൂടെ നിൽക്കാൻ സാധ്യയുള്ള സകരിയ്യ വിരുദ്ധ സമിതിയുടെ നേതാക്കളിലൊരാളായ അബ്ദുർഹ്മാൻ ഇരിവേററിയുമാണ് സലാം സുല്ലമിയെ കൂടെ നിർത്താൻ ശ്രമിച്ചത്.

അന്നത്തെ വ്യാജപ്രചരണങ്ങളിൽ മുൻഗനണാക്രമം ആദർശവ്യതിയാനാരോപണമായിരുന്നു. ഇവരുടെ ആരോപണം വ്യാജവും സ്വാർഥതാൽപര്യത്തിലധിഷ്ടിതവുമാണെന്നു തിരിച്ചറിഞ്ഞ

സലാം സുല്ലമി പിളർപ്പൻമാരോടുള്ള തൻെറ നിലപാടു അറിയിച്ചതോടെ ഇവരിൽ സലാം സുല്ലമിയോടുള്ള വിരോധം അണപൊട്ടി. കൂടെ നിന്നില്ലെങ്കിൽ 'നിഷ്പക്ഷനാകണ'മെന്നായിരുന്ന രണ്ടാമത്തെ നിർദേശം. സത്യവും അസത്യവും പരിശോധിച്ചു സത്യത്തിൻെറ കൂടെ നിൽക്കുമെന്ന സലാം സുല്ലമിയുടെ ധീരോത്തമായ പ്രതികരണം ഇവരിൽ നിരാശയും നിഷേധവും വളർത്തി. ഒപ്പം അദ്ദേഹത്തോടുള്ള അമർഷം പതഞ്ഞു പൊങ്ങി. സലാം സുല്ലമിയുടെ കുറിപ്പുവാങ്ങി ഖുത്വുബയും പ്രസംഗവും നടത്തിയിരുന്ന മൊല്ലമാർ ആ പണം വാങ്ങി തന്നെ അദ്ദേഹത്തിനെതിരെ പ്രതിപക്ഷ ബഹുമാനം പോലുമില്ലാത്ത ആരോപണങ്ങൾ ഉതിർത്തു. അദ്ദേഹത്തിൻെറ പുസ്തകങ്ങൾ വരികൾക്കിടയിലൂടെ വായിച്ചു ചികഞ്ഞു നോക്കി പൊതുജനങ്ങളെ തെററിദ്ധരിപ്പിക്കാൻ തുടങ്ങി.

**ധിഷണാശാലിയായ പണ്ഡിതൻ :** ഖാദിയാനികൾ, ജമാഅത്തെ ഇസ്‌ലാമി, യാഥാസ്ഥിക വിഭാഗം, ചേകനൂർ തുടങ്ങി ഇസ്‌ലാമിൻെറ പേരിൽ മുളച്ചുപൊന്തിയ സംഘടനകളുടെയും ഉപവിഭാഗങ്ങളുടെയും വാദങ്ങളെ ഖുർആനും സുന്നത്തുമായി മാററുരച്ചു സത്യം ബോധ്യപ്പെ ടുത്തുന്ന സലാം സുല്ലമിക്കു ഇവരുടെ വിമർശനം വെറും ധൂളികൾ മാത്രം. സംഘടനയുടെ ആസ്ഥിയും സമ്പത്തും ദഅ്‌വാ ഫണ്ടുകൾ വരെ അവിഹിത മാർഗത്തിൽ ഉപയോഗിക്കുന്നവർക്കു നിഷ്കളങ്കവും നിസ്വാർഥവുമായി പ്രബോധന വീഥിയിൽ തെളിഞ്ഞു നിൽക്കുന്ന ഈ കർമയോഗിക്കു പകരം വയ്ക്കാനാകുമോ? അദ്ദേഹത്തെ വിമർശിക്കുമ്പോഴും ഹദീസു പഠന രംഗത്തു അദ്ദേഹം സമർപ്പിച്ച സേവനത്തിനു മുജാഹിദു സെൻറർ സാക്ഷിയല്ലെ? ഒളിഞ്ഞിരുന്നു കല്ലെറിയുന്നവർ മുസ്‌ലിംകളുടെ വിശ്വാസ ജീർണ്ണതകൾക്കെതിരിൽ പ്രമാണ ബദ്ധമായ എത്ര പുസ്തകമെഴുതി? സലാം സുല്ലമിയുടെ കുറിപ്പു വാങ്ങി വാഴക്കാടു ഖണ്ഡന പ്രഭാഷണം ഒരു സലഫിക്ക് അഡ്രസുണ്ടാക്കിയെങ്കിൽ കേരള സലഫികൾക്ക് മാനക്കേടുണ്ടാക്കാ നാണു ആലുവ സംവാദം ഇടയാക്കിയത്. പാണ്ഡിത്യത്തിനു പകരം അഹങ്കാരം കൈമുതലാക്കി യാണ് ജിന്നു യൂത്തുകൾ ആലവയിലേക്കു ബസുകയറിയത്. മാനക്കേടു തീർക്കാൻ കഴിയാതെ ഒളിഞ്ഞിരുന്നു മെയിലുകൾ തള്ളുന്ന സൈബർ മൊല്ലകൾക്കു മുജാഹിദു പിളർപ്പിൻെറ പുതിയ എപ്പിസോഡു വരും നാളുകളിൽ വായിക്കാം. ഇൻശാഅല്ലാഹ്.

**അബ്ദുറഹ്മാൻ സി മലപ്പുറം**